بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# *Khuthba Summary* 28.02.14 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

***28.02.14 ന് മസ്ജിദ് ബയ്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

തശഹ്ഹുദും തഅവ്വുദും സൂറഫാതിഹ തിലാവത്തിനും ശേഷം ഹുദൂർ അൻവർ അയ്യദഹുല്ലാഹു തആല ബിനസ്രിഹിൽ പറഞ്ഞു:

കഴിഞ്ഞ ഖുത്ബയിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) നെകുറിച്ചുള്ള പ്രവചനത്തെ സംബന്ധിച്ച് ഞാൻ സംസാരിച്ചിരുന്നു. "വാഗ്ദത്ത പുത്രൻ ലൗകികവും ആത്മീയവുമായ വിദ്യകളാൽ നിറക്കപ്പെടും" എന്നതിനെക്കുറിച്ചാണ് പറഞ്ഞത്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ അറിവും ദൈവജ്ഞാനവും വിശുദ്ധഖുർആനിന്റെ സാധാരണക്കാർക്ക് സുഗ്രഹമല്ലാത്ത കാര്യങ്ങളുടെ വിശദീകരണവും അന്യരേയും ആകർഷിച്ചിരുന്നുവെന്നും അത് അവർ തുറന്നു പറഞ്ഞിട്ടുണ്ടെന്നും പറഞ്ഞിരുന്നു. ഈ വെളിപ്പെടുത്തൽ, ഈ ശ്ലാഘനീയ കർമങ്ങൾ വളരെ വിശാലമാണ്. അവ മാസങ്ങൾ ഒരു പക്ഷേ വർഷങ്ങൾ തന്നെ വിവരിച്ചാലും പൂർത്തിയാകുക അസാധ്യമാണ്. പക്ഷേ, ഒരു കാര്യം കഴിഞ്ഞ ആഴ്ചയിലെ ഖുത്ബയിൽ വിവരിക്കാൻ ഞാൻ ആഗ്രഹിച്ചിരുന്നു. സമയമില്ലാത്ത കാരണത്താൽ അതിനു കഴിഞ്ഞില്ല. ഇന്ന് അതുസംബന്ധമായി പറയുന്നതാണ്. ഈ സംഭവം ഇന്നേക്ക് 90 വർഷം മുമ്പേ നടന്നതാണ്. ഈ ലണ്ടൻ നഗരവുമായിട്ടാണ് അതിനു ബന്ധം. നിങ്ങളിൽ അധികം പേർക്കും അറിയാവുന്നതാണ് 1924 സെപ്റ്റംബറിൽ ഒരു മതമഹാസമ്മേളനം ഇവിടെ സംഘടിപ്പിക്കപ്പെട്ടിരുന്നു. ഇതിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ(റ) നേരിട്ട് പങ്കെടുത്തിരുന്നു. അന്ന് അദ്ദേഹം തന്റെ കൂടെ 11 അംഗങ്ങളടങ്ങിയ ഒരു സംഘവുമായിട്ടാണ് ഇവിടെ വന്നത്. ചൗധരി ശരീഫ് അഹ്മദ് സാഹിബ് അഡ്വക്കേറ്റ് ബോംബയിൽനിന്ന് അവരോടൊപ്പം ചേർന്നു. അങ്ങനെ 12 പേരായി. ഇവിടെ വരിക എന്നത് അന്ന് നിസ്സാരകാര്യമായിരുന്നില്ല. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തന്റെ യാത്രാ ചെലവ് സ്വയം വഹിച്ചു. മറ്റുള്ളവരുടെ യാത്രാ ചെലവിന്നായി കടം വാങ്ങേണ്ടിവന്നു.

ഇത് ഖലീഫത്തുൽ മസീഹ് രണ്ടാമന്റെ(റ) ആദ്യത്തെ യൂറോപ്യൻ പര്യടനമായിരുന്നു. അതിനോടൊപ്പം അറബ് രാജ്യങ്ങളിലും പര്യടനം നടത്തിയിരുന്നു. അതായത് ശാം (സിറിയ ദേശം), മിസ്ർ(ഈജിപ്റ്റ്), ഫലസ്തീൻ തുടങ്ങിയ രാജ്യങ്ങളിൽ. ഈ അറേബ്യൻ രാജ്യങ്ങളിൽ ഖലീഫത്തുൽ മസീഹ് ഥാനിയുടേതല്ലാതെ ഒരു ഖലീഫയുടേയും പര്യടനം ഉണ്ടായിട്ടില്ല. അതിനുശേഷം അവസ്ഥകൾ മോശമായിക്കൊണ്ടിരുന്നു. നിയന്ത്രണങ്ങളും ഉണ്ടായിക്കൊണ്ടിരുന്നു.

ഒരു ദിവസം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ജമാഅത്തായി നമസ്കരിപ്പിച്ചതിനു ശേഷം കപ്പലിൽ ഫർസ്റ്റ് ക്ലാസിനും സെക്കന്റ് ക്ലാസിനുമിടയിലുള്ള തട്ടിൽ ഇരിക്കുകയായിരുന്നു. കൂട്ടുകാരും ഒപ്പമുണ്ടായിരുന്നു. കപ്പലിൽ ഒരു ഇറ്റാലിയൻ ഡാക്ടറുണ്ടായിരുന്നു. അദ്ദേഹം അതിലൂടെ നടന്നുപോകുമ്പോൾ അവരെ കണ്ടു. അദ്ദേഹം അനിയന്ത്രിതമായി പറഞ്ഞുപോയി: "Jesus Christ and twelve disciples യേശുക്രിസ്തുവും പന്ത്രണ്ട് ശിഷ്യന്മാരും."

വിംബ്ലേ കോൺഫ്രൻസ് എന്ന് പറയപ്പെടുന്ന ഈ സമ്മേളനത്തിന്റെ പശ്ചാത്തലവും ഉദ്ദേശ്യലക്ഷ്യങ്ങളും ഞാൻ പറയാം.

1924-ന്റെ ആരംഭത്തിൽ ഇംഗ്ലണ്ടിൽ സംഘടിപ്പിച്ച സുപ്രസിദ്ധ വിംബ്ലേ എക്സിബിഷനോടനുബന്ധിച്ച് സോഷ്യലിസ്റ്റ് ലീഡറായ **'വില്യം ലാഫട്സ്'** ഈ അഖിലലോക എക്സിബിഷനോടൊപ്പം ഒരു മതസമ്മേളനവും നടത്തണമെന്ന് അഭിപ്രായപ്പെട്ടു. ഇതിൽ ബ്രിട്ടീഷ് രാജ്യങ്ങളിലെ - അക്കാലത്ത് ബ്രിട്ടന്റെ ഭരണം എല്ലാ സ്ഥലത്തും വ്യാപിച്ചിരുന്നു- വിവിധ മതങ്ങളുടെ പ്രതിനിധികളെ ക്ഷണിക്കണമെന്നും പറഞ്ഞു. അവർ ഈ കോൺഫ്രൻസിൽ പങ്കെടുക്കുകയും താന്താങ്ങളുടെ മതത്തിന്റെ അടിസ്ഥാന വശങ്ങളെ സംബന്ധിച്ച് പ്രസംഗിക്കുകയും ചെയ്യേണ്ടതാണ്. ഓറിയന്റിലിസ്റ്റുകൾ(പൗരസ്ത്യ വിജ്ഞാനകുതുകികളായ പാശ്ചാത്യ പണ്ഡിതന്മാർ) അടങ്ങിയ എക്സിബിഷന്റെ സംഘാടകർ ഈ അഭിപ്രായത്തോടു യോജിക്കുകയും ലണ്ടൻ യൂണിവേഴ്സ്റ്റിയിലെ പൗരസ്ത്യവിജ്ഞാനങ്ങൾ പഠിപ്പിക്കുന്ന സ്കൂളിന്റെ - അതായത് School of oriental studies ന്റെ നേതൃത്വത്തിൽ കോൺഫ്രൻസ് വിശാലമായനിലയിൽ സംഘടിപ്പിക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. ഈ കോൺഫ്രൻസ് നടത്തുന്ന സ്ഥലം 'ഇംമ്പീരിയൽ ഇൻസ്റ്റിറ്റ്യൂട്ട് ലണ്ടൻ' ആയിരിക്കുമെന്നും തീരുമാനിക്കപ്പെട്ടു. സമ്മേളനം 1924 സെപ്റ്റംബർ 22 മുതൽ 1924 ഒക്ടോബർ 3 വരെയാണ് തീരുമാനിച്ചത്. കമ്മിറ്റി, ഹിന്ദുമതം, ഇസ്‌ലാം, പാർസിമതം, ജൈനമതം, സിക്കിസം, തസവ്വുഫ്, ബ്രഹ്മസമാജം, ആര്യസമാജം, കൺഫ്യൂഷ്യസിസം തുടങ്ങിയ മതങ്ങളുടെ പ്രഭാഷകരെ തിരഞ്ഞെടുക്കുകയും ക്ഷണിക്കുകയും ചെയ്തു.

അക്കാലത്ത് ഹദ്റത്ത് മൗലവി അബ്ദുർറഹീം സാഹിബ് ദർദ്(റ)-അദ്ദേഹം 1923ന്റെ ആരംഭത്തിൽ ലണ്ടണിൽ

വന്നതാണ്- ലണ്ടനിലുണ്ടായിരുന്നു. പക്ഷേ, അദ്ദേഹം ഈ കോൺഫ്രൻസിനെക്കുറിച്ച് അറിഞ്ഞിരുന്നില്ല. അറിഞ്ഞയുടനെ അദ്ദേഹം ഇസ്‌ലാമിന്റെ ഭാഗത്ത് നിന്ന് പങ്കെടുപ്പിക്കാൻ ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനി(റ)യെ സംബന്ധിച്ച് സംഘാടകരുമായി സംസാരിച്ചു. കമ്മിറ്റിയിൽ അദ്ദേഹത്തിന്റെ പേര് നിർദേശിക്കപ്പെട്ടപ്പോൾ **'ഡോക്ടർ ആർണൽഡും' 'പ്രൊഫസർ മാർഗോലീത്തും'** അതുപോലെ കമ്മിറ്റിയിലെ മറ്റംഗങ്ങളും അങ്ങേയറ്റം ആത്മാർഥതയോടും സ്നേഹത്തോടും കൂടി ഹദ്റത്ത് ഖലീഫത്തുൽമസീഹ് രണ്ടാമനെ(റ) ഈ കോൺഫ്രൻസിൽ പങ്കെടുക്കുന്നതിനായി ക്ഷണിക്കാൻ തീരുമാനിച്ചു.

എന്തായാലും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി (റ) യാത്ര പുറപ്പെട്ടു. 1924 സെപ്റ്റംബർ 23 ന് ഈ കോമൺവെൽത്ത് മതമഹാസമ്മേളനം ആരംഭിച്ചു. കോൺഫ്രൻസിൽ ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനി(റ)യുടെ അതുല്യമായ വിഷയം വായിക്കപ്പെട്ടതോടെ **ഇസ്‌ലാം-അഹ്‌മദിയ്യത്തിന്റെ** പ്രസിദ്ധിയ്ക്ക് അത് തിലകക്കുറി ചാർത്തി. യൂറോപ്പിൽ ഇസ്‌ലാമിന്റെ സന്ദേശം ശരിയായ നിലയിൽ എത്തിക്കപ്പെട്ടു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ലണ്ടനിൽ പ്രസംഗിക്കുന്നതായി ഒരു സ്വപ്നം കണ്ടിട്ടുണ്ടായിരുന്നു. ആ സ്വപ്നം ഇതോടെ പുലരുകയും ചെയ്തു. **'സർഥിയോട് റിവേഴ്സൺ'** ആയിരുന്നു യോഗാധ്യക്ഷൻ. അദ്ദേഹം ഹുദൂറിനെ പരിചയപ്പെടുത്തി. പിന്നീടു അങ്ങേയറ്റം ആദരവോടും ബഹുമാനത്തോടും കൂടി ഹുദൂറിനെ പ്രസംഗത്തിനായി ക്ഷണിച്ചു. അപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) തന്റെ കൂട്ടുകാരോടൊപ്പം സ്റ്റേജിൽ ഇരിപ്പുണ്ടായിരുന്നു. ക്ഷണിക്കപ്പെട്ടതോടെ ഹുദൂർ അവിടെനിന്ന് എഴുന്നേറ്റു. ഇംഗ്ലീഷിൽ ഹ്രസ്വമായി പ്രസംഗിച്ചതിനുശേഷം പറഞ്ഞു,**'സഹോദരീ സഹോദരന്മാരേ! ഏറ്റവുമാദ്യം ഞാൻ ദൈവത്തിന് നന്ദി പറഞ്ഞുകൊള്ളുന്നു. അവനാണ് ഈ കോൺഫ്രൻസിന്റെ സംഘാടകരുടെ മനസ്സുകളിൽ മതപരമായ പ്രശ്നങ്ങളിൽ ജനങ്ങൾ ചിന്തിക്കാനും വിവിധമതങ്ങളെ സംബന്ധിച്ചുള്ള പ്രസംഗങ്ങൾ കേട്ട് ഏതു മതമാണ് വിശ്വസിക്കേണ്ടത് എന്ന് തീരമാനം എടുക്കാനുമായി ഇങ്ങനെയൊരു വേദിയൊരുക്കിയത്.'** പിന്നീട് ഹുദൂർ പറഞ്ഞു,'എന്റെ വിഷയം കൂടുതൽ കേൾപിക്കുന്നതിനായി **ചൗധരീ സഫ്റുല്ലാഹ് സാഹിബ്** ബാർ-അറ്റ്-ലോയെ ക്ഷണിക്കുകയാണ്.'

ചൗധരീ സാഹിബ് ഏകദേശം ഒരു മണിക്കൂർ കൊണ്ടാണ് ഈ പ്രബന്ധം വായിച്ചു തീർത്തത്. അദ്ദേഹം വലിയ ഗാംഭീര്യത്തോടെയാണ് പ്രബന്ധം വായിച്ചത്. ഈ പ്രബന്ധം കേട്ട് ശ്രോതാക്കൾ ആത്മീയവിസ്മൃതിയിൽ ലയിച്ചു. ശ്രോതാക്കളെല്ലാം അഹ്‌മദികളാണെന്ന് തോന്നിപ്പോയി. എല്ലാവരും ഒരു ആത്മീയലഹരിയുടെ ലോകത്ത് അവസാനം വരെ ലയിച്ചിരുന്നു. അറിയാത്തതും പുതിയതുമായിട്ടുള്ള കാര്യങ്ങൾ വിവരിക്കുമ്പോൾ ധാരാളമാളുകൾ സന്തോഷത്താൽ തുള്ളിച്ചാടുന്നുണ്ടായിരുന്നു. അടിമത്തം, പലിശ, ബഹുഭാര്യത്വം, തുടങ്ങിയ വിഷയങ്ങൾ സുവ്യക്തമായ നിലയിൽ വിവരിക്കപ്പെട്ടു. പ്രബന്ധത്തിന്റെ ഈ ഭാഗം പുരുഷന്മാർ മാത്രമല്ല സ്ത്രീകളും സന്തോഷത്താൽ അതീവ ശ്രദ്ധയോടെയാണ് ശ്രവിച്ചത്. ഒരു മണിക്കൂറിനുശേഷം പ്രബന്ധം അവസാനിച്ചപ്പോൾ ആളുകൾ അത്യു ൽസാഹത്തോടെ ഒരുപാടു സമയം കൈയടിച്ചുകൊണ്ടിരുന്നു. അതുകൊണ്ട് യോഗാധ്യക്ഷന് അടുത്ത പരിപാടി തുടങ്ങാൻ ഒരുപാടു സമയം കാത്തിരിക്കേണ്ടിവന്നു. ആ പ്രബന്ധം അൻവാറുൽഉലൂമിന്റെ 8-ാമത്തെ വാള്യത്തിൽ ചേർത്തിട്ടുണ്ട്.

അഹ്‌മദിയ്യ ജമാഅത്തിന്റെ ഇമാം ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്‌മൂദ് അഹ്‌മദ്(റ)ന്റെ പ്രബന്ധം വായിച്ചു കഴിഞ്ഞപ്പോൾ യോഗാധ്യക്ഷനായിരുന്ന **'സർഥിയോട് റിവേഴ്സൺ'** തന്റെ ഉപസംഹാര പ്രസംഗത്തിൽ പറഞ്ഞു, 'ഇത് അതായത് അഹ്‌മദിയ്യ ജമാഅത്തിന്റേയും വർത്തമാനകാലത്തെ മറ്റു മതസംഘടനകളുടേയും സാന്നിധ്യം ഇസ്‌ലാം ഒരു ജീവനുള്ള മതമാണെന്ന് സ്ഥാപിക്കുന്നു. മൂസവീ ജമാഅത്തിൽ ക്രൈസ്തവജമാഅത്തുപോലെ ഇസ്‌ലാമിലെ സ്വാഭാവികമായ നവീകരണപ്രസ്ഥാനമാണ് അഹ്‌മദിയ്യ ജമാഅത്ത്. ഇതിന്റെ ഉദ്ദേശ്യം ഏതെങ്കിലും പുതിയ ന്യായപ്രമാണ വ്യവസ്ഥിതി തുടങ്ങുകയല്ല. പ്രത്യുത അടിസ്ഥാനപരവും യഥാർഥവുമായ ഇസ്‌ലാമികാധ്യാപനത്തിന്റെ പ്രചാരണമാണ്.'

യോഗാധ്യക്ഷൻ വീണ്ടും പറഞ്ഞു,'എനിക്ക് അധികമൊന്നും പറയേണ്ട ആവശ്യമില്ല. പ്രബന്ധത്തിന്റെ സവിശേഷതകളുടേയും നിർവൃതിയുടേയും വില അതുതന്നെ പറഞ്ഞു കഴിഞ്ഞതാണ്. ഞാൻ ശ്രോതാക്കൾക്കു വേണ്ടി പ്രബന്ധത്തിന്റെ സവിശേഷത, സവിശേഷതകളുടെ ക്രമീകരണം, ചിന്താധാരകൾ, ഉന്നതപദവിയിലുള്ള പ്രമാണാവതരണരീതി തുടങ്ങിയവയ്ക്കെല്ലാം ഹദ്റത്ത് ഖലീഫത്തുൽ മസീഹിന് നന്ദി പറഞ്ഞുകൊള്ളുന്നു. ശ്രോതാക്കളുടെ ഇപ്പോഴത്തെ മുഖഭാവം ഞാനിപ്പറയുന്നതിനോട് അവർ യോജിക്കുന്നുണ്ടെന്ന് വിളിച്ചോതുന്നു. അവർക്കു വേണ്ടി നന്ദി പറയുന്നതിൽ ഞാൻ എന്റെ കടമ നിറവേറ്റിയെന്ന് അവർ സമ്മതിക്കുന്നതായി ഞാൻ ദൃഢമായും വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ പരിഭാഷകനോടുള്ള കടമയും നിറവേറ്റുന്നു.' പിന്നീട് ഹുദൂറിനോടായി പറഞ്ഞു: 'പ്രഭാഷണത്തിന്റെ വിജയത്തിൽ അങ്ങയ്ക്ക് ആശംസകൾ നേരുന്നു. അങ്ങയുടെ പ്രബന്ധം ഇന്ന് വായിക്കപ്പെട്ട പ്രബന്ധങ്ങളിൽ ഏറ്റവും മികച്ചു നിൽക്കുന്നു. ഇതിനു ശേഷവും **'സർഥിയോട് റിവേഴ്സൺ'** സ്റ്റേജിൽ ഒരുപാടു നേരം നിന്നു. ആവർത്തിച്ചാവർത്തിച്ച് പ്രബന്ധത്തെ പ്രകീർത്തിച്ചുകൊണ്ടിരുന്നു.

പിന്നീട് ഫ്രീ ചർച്ചിന്റെ തലവൻ പ്രഗത്ഭനായ പ്രഭാഷകൻ **ഡാക്ടർ വാൾട്ടർ വാശ്** തന്റെ അഭിപ്രായം പ്രകടിപ്പിച്ചു കൊണ്ട് പറഞ്ഞു, 'ഈ പ്രഭാഷണം കേൾക്കാൻ അവസരം ലഭിച്ച ഞാൻ വളരെ ഭാഗ്യവാനാണ്.'

നിയമകാര്യങ്ങളുടെ ഒരു പ്രൊഫസർ പറഞ്ഞു, 'പ്രഭാഷണം കേട്ടുകൊണ്ടിരിക്കുമ്പോൾ ഈ ദിവസം ഒരു നവീനകാലഘട്ടത്തിന് തുടക്കം കുറിക്കുന്നതാണെന്ന് ഞാൻ അനുഭവിച്ചറിയുകയായിരുന്നു.' പിന്നീടു പറഞ്ഞു, 'നിങ്ങൾ മറ്റേതെങ്കിലും രീതിയിൽ ആയിരക്കണക്കിനു രൂപ ചെലവഴിച്ചാലും ഇത്രമാത്രം വമ്പിച്ച വിജയം നിങ്ങൾക്കു ലഭിക്കുമായിരുന്നില്ല.'

ഒരു പാതിരി **മനുഷ്** പറഞ്ഞു, 'മൂന്നു വർഷം മുമ്പേ, ഹദ്റത്ത് മസീഹ് 13 ഹവാരീംകളോടൊപ്പം ഇവിടെ വന്നിരിക്കുന്നതായി എനിക്ക് സ്വപ്നത്തിൽ കാണിക്കപ്പെട്ടിരുന്നു. ഇപ്പോൾ ആ സ്വപ്നം പുലർന്നതായി ഞാൻ നോക്കിക്കാണുകയാണ്.'

ആദ്യം 12 ഹവാരീംകളെ കുറിച്ച് ഞാൻ പറഞ്ഞിരുന്നു. പതിമൂന്നാമത്തെയാൾ പരിപാടിയുടെ നേരത്ത് അവിടെ സന്നിഹിതനായിരുന്നു. അത് ചൗധരി സഫ്റുല്ലാഹ് ഖാൻ സാഹിബ്(റ)ആയിരുന്നു. ഇങ്ങനെ 13 പൂർത്തിയായി.

കോൺഫ്രൻസിന്റെ സെക്രട്ടറി **മിസ്റ്റർ മിസ്സ് ശാർപൾസ്** പറഞ്ഞു, 'ശ്രോതാക്കൾ ഈ പ്രബന്ധത്തെ അധികമധികം പ്രകീർത്തിച്ചുകൊണ്ടിരിക്കുകയാണ്.' എന്നിട്ട് സ്വയം അവർ പറഞ്ഞു,'ഒരാൾ His holiness നെ കുറിച്ച് പറഞ്ഞു, 'ഇത് ഇക്കാലഘട്ടത്തിലെ **'ലൂതർ'** ആണെന്ന് തോന്നുന്നു. ചിലർ പറഞ്ഞു, 'അദ്ദേഹത്തിന്റെ നെഞ്ചകത്ത് ഒരു അഗ്നിയുണ്ട്.' ഒരാൾ പറഞ്ഞു, 'ഇത് എല്ലാ പ്രഭാഷണങ്ങളെക്കാളും മുന്തിയതായിരുന്നു.'

ഒരു ജർമൻ പ്രൊഫസർ സമ്മേളനത്തിനുശേഷം റോഡിലൂടെ നടന്ന് മുമ്പോട്ടുവന്ന് ഹുദൂറിന്റെ തിരുസന്നിധിയിൽ ആശംസകൾ നേർന്നു. അദ്ദേഹം പറഞ്ഞു.'എന്റെയടുത്ത് ചില വലിയ വലിയ ഇംഗ്ലീഷുകാർ ഇരുന്നുകൊണ്ട്, 'ഇത് എപ്പോഴും കേൾക്കാൻ കഴിയാത്ത അപൂർവമായ ചിന്താഗതികളാണ്'എന്ന് പറയുന്നുണ്ടായിരുന്നു.'

ഇന്ത്യാ ഓഫീസിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥനായ **മിസ്റ്റർ ലീൻ**, 'ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണം ഏറ്റവും ഉന്നതവും ഉദാത്തവുമായിരുന്നു' എന്ന് സമ്മതിച്ചു.

**ഹദ്റത്ത് ഭായി അബ്ദുർറഹീം സാഹിബ് ഖാദിയാനീ** (റ) പറയുന്നു,'ഒരാൾ ഹുദൂറിന്റെ സന്നിധിയിൽ വന്നു പറഞ്ഞു: 'ഞാൻ ഇന്ത്യയിൽ 30 വർഷം ജോലി ചെയ്തു. മുസ്ലീംകളുടെ അവസ്ഥകളും പ്രമാണങ്ങളും വായിച്ചു. കാരണം ഞാൻ ഒരു മിഷണറി എന്ന നിലയിലാണ് ഇന്ത്യയിൽ താമസിച്ചത്. എന്നാൽ, ഏതൊരു മഹിമാവിശേഷത്തോടും പ്രസ്പഷ്ടതയോടും ചാരുതയോടും കൂടെയാണോ അങ്ങ് ഇന്നത്തെ പ്രബന്ധം അവതരിപ്പിച്ചത്, ഞാൻ ഇതിനു മുമ്പേ ഒരിക്കലും ഒരിടത്തും കേട്ടിട്ടില്ല. ഈ പ്രഭാഷണം ആശയങ്ങളുടെ അടിസ്ഥാനത്തിലും വിഷയക്രമീകരണത്തിന്റെ അടിസ്ഥാനത്തിലും എന്നെ ആഴത്തിൽ സ്വാധീനിച്ചിരിക്കുന്നു.'

പ്രസംഗം കേൾക്കാൻ ഫ്രാൻസിൽ നിന്നെത്തിയ ഒരാൾ പറഞ്ഞു, 'യഥാർഥത്തിൽ ഇസ്ലാം മാത്രമാണ് ഏറ്റവും ശ്രേഷ്ഠമതമെന്ന് ഞാൻ അംഗീകരിക്കുന്നു. ഏതൊരു ചാരുതയോടും എത്ര മാത്രം സുന്ദര ശൈലിയിലും അങ്ങ് ഇസ്ലാമിനെ അവതരിപ്പിച്ചുവോ അതിനോടു മത്സരിക്കാൻ മറ്റു മതങ്ങൾക്കു സാധ്യമല്ല. എന്നെ അത് ആഴത്തിൽ സ്വാധീനിച്ചിരിക്കുന്നു.'

സ്ത്രീകളും ധാരാളം പങ്കെടുത്തിരുന്നു. അവരും ഈ പ്രഭാഷണത്തെ പ്രകീർത്തിക്കുകയുണ്ടായി. ഒരു സ്ത്രീ പറഞ്ഞു, 'ചിലയാളുകൾ There is a fire in him അദ്ദേഹത്തിൽ ഒരു അഗ്നി ഉണ്ടായിരുന്നുവെന്ന് എന്നോടു പറയുകയുണ്ടായി.'

**മിസ് കാർണർ** ഒരു നിരീശ്വരവാദിയും ദൈവനിഷേധിയുമാണ്. അവർ പറഞ്ഞു, ' It was charmful ഇത് മനം കവരുന്നതും ഉത്തമവുമായ പ്രഭാഷണമായിരുന്നു. ഉന്നതമായ ചിന്തകളായിരുന്നു. പുതുമയാർന്ന സത്യവുമായിരുന്നു. തുടങ്ങിയ വാക്കുകളാണ് ഇതിനെക്കുറിച്ച് മിക്കവരും പറഞ്ഞത്.'

ബഹായി മതത്തിലെ ഒരു സ്ത്രീ പ്രഭാഷണം കേട്ടു. ഞങ്ങളോടൊപ്പം അവർ നടന്ന് നടന്ന് വീടിന്ന് അടുത്തെത്തി. അവർ പറഞ്ഞു, 'ഞാൻ ബഹായി മതവിശ്വാസിയാണ്. എന്നാൽ, ഇപ്പോൾ ചെയ്ത പ്രഭാഷണം കേട്ട് എന്റെ ചിന്താഗതികൾ ആകെ മാറി. അങ്ങയുടെ പ്രഭാഷണങ്ങൾ അധികമധികം കേൾക്കാൻ ഞാനിഷ്ടപ്പെടുന്നു. ദയവു ചെയ്ത് എപ്പോൾ. എവിടെയെല്ലാമാണ് അങ്ങയുടെ പ്രഭാഷണങ്ങൾ ഉള്ളതെന്ന് എന്നെ അറിയിക്കുക. ഞാൻ അതു കേൾക്കാൻ തീർച്ചയായും വരുന്നതാണ്.'

ഒരു ക്രിസ്ത്യാനി സ്ത്രീ അവിടെ വന്നു. അവരുടെ മകളും കൂടെ ഉണ്ടായിരുന്നു. വളരെ ആത്മാർഥതയോടെ അവർ ഹുദൂറിന്റെ പിന്നാലെ പിന്നാലെ നടന്നു. തന്റെ വീട്ടിൽ വ്യാഴാഴ്ച ചായ കുടിക്കാൻ വരണമെന്ന് അവർ ഹുദൂറിനോട് അപേക്ഷിച്ചു. ഹദ്റത്ത് സാഹിബ് ജോലിത്തിരക്ക് പറഞ്ഞു. പക്ഷേ, അവർ വളരെ നിർബന്ധിച്ചും സ്നേഹത്തോടേയും അപേക്ഷ സമ്മതിപ്പിച്ചു. അവർ പറഞ്ഞു,'ഏതെങ്കിലും സമയത്ത് വന്നാൽ മതി, പക്ഷേ തീർച്ചയായും വരണം.'

ഒരാൾ പറഞ്ഞു,'എത്ര മാത്രം പ്രിയങ്കരമായ പ്രബന്ധമായിരുന്നു അതെന്നുവച്ചാൽ, ദേശത്തോടുള്ള സ്നേഹത്തെക്കാൾ അത് കൂടുതൽ പ്രിയപ്പെട്ടതായി.'

വായിക്കപ്പെട്ട ഈ പ്രബന്ധം, ഇതും ഞാൻ പറഞ്ഞിരുന്നതുപോലെ ആദ്യം തയ്യാറാക്കപ്പെട്ടിരുന്ന പ്രബന്ധവും - അത് ദീർഘമായ കാരണത്താൽ വായിക്കാൻ കഴിഞ്ഞിരുന്നില്ല-രണ്ടും ഇംഗ്ലീഷിൽ തർജമ ചെയ്യപ്പെട്ടിട്ടുണ്ട്. ഞാൻ പറഞ്ഞ മിഷൻ ഹൗസുകളുടേയും ജമാഅത്തുകളുടേയും ചില കണക്കുകൾ അക്കാലത്തേതാണ്. ഇപ്പോൾ ജമാഅത്ത് അതിനെക്കാൾ എത്രയോ വളർന്നു കഴിഞ്ഞിരിക്കുന്നു. പക്ഷേ, ഈ പ്രബന്ധത്തിന്റെ മനോഹാരിത,

ജ്ഞാനം, ബാക്കിയുള്ള വിവരണം ഇപ്പോഴും അത് തനിമയോടെ നിലനില്ക്കുന്നു. അതുകൊണ്ട് ഇംഗ്ലീഷുകാരായ നമ്മുടെ ചെറുപ്പക്കാരും തീർച്ചയായും അത് വായിക്കേണ്ടതാണ്.

അല്ലാഹു മുസ്‌ലിഹ് മൗഊദ് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)ന്റെ മേൽ അതിരുകളില്ലാത്ത കാരുണ്യങ്ങൾ വർഷിക്കുമാറാകട്ടെ. അദ്ദേഹം നമുക്കു വേണ്ടി ഏകദേശം എല്ലാ വിഷയങ്ങളെ സംബന്ധിച്ചും അസംഖ്യം ഖജനാവുകളാണ് വിട്ടും വച്ച് പോയിട്ടുള്ളത്. അതിനെക്കുറിച്ച് ഞാൻ മുമ്പേ ചെയ്ത ഖുത്ബകളിലും പറഞ്ഞിരുന്നു. ആ മഹാത്മാവ് എല്ലാ വിഷയങ്ങളും ടെച്ച് ചെയ്തിട്ടുണ്ട്. ഫള്‌ലെ ഉമർ ഫൗണ്ടേഷനും ഈ വൈജ്ഞാനിക ഖജനാവുകൾ വിവിധ ഭാഷകളിൽ പരിഭാഷപ്പെടുത്തി എത്രയും വേഗം പ്രസിദ്ധീകരിക്കാൻ ശ്രമിക്കേണ്ടതാണ്. അവർ കുറച്ചൊക്കെ ഇതിനുവേണ്ടി പരിശ്രമിക്കുന്നുണ്ട്. പക്ഷേ, കൂടുതൽ വേഗം ആവശ്യമുണ്ട്.

അവസാനം ഹുദൂർ അയ്യദഹുല്ലാഹു തആല ബിനസ്രിഹിൽ അസീസ്, ഡന്മാർക്കിലെ മുഖ്‌ലിസും ഖാദിമെ ദീനുമായ അഹ്മദി കമാൽകരോ സാഹിബിന്റെ മരണ വിവരം അറിയിച്ചു. ഹുദൂർ പറഞ്ഞു, ‘ജുമുഅയ്ക്കു ശേഷം ഇൻശാഅല്ലാഹ് ഞാൻ അദ്ദേഹത്തിന്റെ ജനാസ ഗായിബ് നമസ്കരിക്കുന്നതാണ്.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis (atba)**
at Masjid Baithul Futhuh,London –on 28.02.14
Summarized by Nazarath Nashr-O-Isha’ath, Qadian
Malayalam Translation : Mau.Muhammad Ismail Alleppey For Malayalam Desk,Qadian.

If Undelivered Please Return To
Nazarath Nashr-O-Isha’ath,
Sadr Anjuman Ahmadiyya
Qadian, 143516,
Gurdaspur-Dt, Punjab-St

To